## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3462 19.10.2016-ൽ മറുപടിയ്ക്ക്

### ഗാർഹിക കുടിവെള്ള കണക്ഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ : | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗാർഹിക കുടിവെള്ള കണക്ഷനുകൾ വർദ്ധിപ്പിക്കാൻ ആലോചന യുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടിയുടെ വിശദാംശം നൽകുമോ; | (എ) ഉണ്ട്. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 10 ലക്ഷം പുതിയ കണക്ഷനുകൾ നൽകാൻ ലക്ഷ്യമിടുന്നു. കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉപഭോക്താവിന് പ്രയാസം കൂടാതെ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ ഇടനിലക്കാരെ ഒഴിവാക്കി അതോറിറ്റി നേരിട്ടു തന്നെ കണക്ഷൻ നൽകാനുള്ള പദ്ധതിയും ആവിഷ്കരിച്ചു വരുന്നു. |
| (ബി) രൂക്ഷമായ കുടിവെള്ള പ്രശ്നം നിലനില്ക്കുന്ന സ്ഥലങ്ങളിൽ പുതിയ ശുദ്ധജലവിതരണ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ; ഇതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (ബി) രൂക്ഷമായ കുടിവെള്ള പ്രശ്നം നിലനിൽക്കുന്ന സ്ഥലങ്ങൾക്ക് മുൻഗണന നൽകി കൊണ്ടാണ് പുതിയ ശുദ്ധജല വിതരണ പദ്ധതികൾ വിഭാവനം ചെയ്യുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി) നിലവിലുള്ള കാലപ്പഴക്കം ചെന്ന ജലചോർച്ചയുള്ള പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനോ അറ്റകുറ്റപ്പണി നടത്തുന്നതിനോ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) ഉണ്ട്. കാലപ്പഴക്കം ചെന്ന ജല ചോർച്ചയുള്ള പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിച്ചു വരുകയാണ്. സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയാണ് സാധാരണ ഇത്തരം പ്രവർത്തികൾ നടപ്പാക്കുന്നത്. ഇതുകൂടാതെ പഴയ എ.സി, പ്രിമോ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് KIIFB 525 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള കാലപ്പഴക്കം ചെന്ന ജലചോർച്ചയുള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 5593.96 ലക്ഷം രൂപയുടെ പദ്ധതികൾക്കുള്ള അനുമതി പരിഗണനയിലാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ